റിയും 1999-2000 വർഷത്തിൽ കിട്ടിയിടത്തോളം കണക്ക് അനുസരിച്ച് 3.59 ലക്ഷം ടൺ പച്ചക്കറിയും അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതി വളരെ വിജയകരമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ ബയോടെക്നോളജി പ്രയോജനപ്പെടുത്തുന്നകാര്യം പരിഗണിക്കാവുന്നതാണ്.

ചോദ്യം (365), (366)- ന്റെ ഉത്തരം ലഭ്യമായിട്ടില്ല.

മണ്ഡരി രോഗനിവാരണത്തിന് നടപടി

(369) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

തെങ്ങുകളെ ബാധിക്കുന്ന മണ്ഡരി രോഗത്തിനെതിരെ 'പത്തോജൻ ഫംഗസ്' മറുകീടമായി ഉപയോഗിക്കണമെന്ന ആസൂത്രണ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

ഉണ്ട്. ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ, എ.പി.സി. എന്നിവർ ആസൂത്രണ കമ്മിഷൻ അംഗം ശ്രീ. സോംപാലുമായി ചർച്ച നടത്തിയിരുന്നു. ഈ കാര്യം ഗവൺമെന്റിന്റെ സത്വര പരിഗണനയിലുണ്ട്.

പച്ചക്കറി ഉൽപ്പാദനവും വിപണനവും

(370) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വെളിപ്പെടുത്തുമോ;

(ബി) കർഷകരിൽനിന്നും പച്ചക്കറി സംഭരിക്കുവാൻ കൃഷി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) പച്ചക്കറി വിൽപ്പനയ്ക്ക് കൃഷി വകുപ്പ് ഇപ്പോൾ സംസ്ഥാനത്ത് എത്ര കേന്ദ്രങ്ങളിൽ വിൽപ്പനസ്റ്റോറുകൾ നടത്തുന്നു;

(ഡി) വിൽപ്പനകേന്ദ്രങ്ങൾ കൂടുതൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

ഉത്തരം

(എ) സംസ്ഥാനത്ത് 1997 മുതൽ നടപ്പാക്കിവരുന്ന ഊർജ്ജിത പച്ചക്കറി വികസന പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾ പൂർത്തിയായപ്പോൾ 600 കോടി രൂപ വിലമതിക്കുന്ന 5.95ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചു. പദ്ധതി ഇപ്പോൾ മൂന്നാം ഘട്ടത്തിലാണ്. ഈ ഘട്ടത്തിൽ ഇതുവരെ 3.95 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിച്ചുകഴിഞ്ഞു. 70,000 ത്തോളം കർഷകർക്ക് പ്രയോജനം ലഭിച്ചു. മൂന്നു ഘട്ടങ്ങളിലായി 62.56 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ സാധിച്ചു.

(ബി) ഹരിത സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഹോർട്ടികൾച്ചർ കോർപ്പറേഷൻ വഴി സംഭരിക്കുന്നു. ഇതുകൂടാതെ ഓരോ

LIBRARY ARCHIVES Kerala Legislative Assembly

ബ്ളോക്കിലും കൃഷി വകുപ്പ് നേരിട്ടുനടത്തുന്ന വിപണന കേന്ദ്രങ്ങൾ വഴിയും സംഭരിക്കുന്നു. സംഘങ്ങളിൽനിന്ന് വിപണന കേന്ദ്രത്തിൽ പച്ചക്കറികൾ എത്തിക്കുന്നതിനായി പെട്ടി ഓട്ടോകൾ നൽകിയിട്ടുണ്ട്. പഞ്ചായത്തുതല ത്തിൽ മാവേലിസ്റ്റോറിനോടനുബന്ധിച്ച് പച്ചക്കറി വിൽപ്പന നടത്താനായി ഉന്തുവണ്ടികളും നൽകിയിട്ടുണ്ട്. സംസ്ഥാനത്താദ്യമായി ശീതീകരിച്ച നാലു സംഭരണശാലകളും ആരംഭിക്കുന്നതാണ്. രണ്ടെണ്ണം പ്രവർത്തനം ആരംഭിച്ചു.

(സി) സംസ്ഥാനത്തെ 152 ബ്ളോക്കുകളിലും ഓരോ സംഭരണ വിപ ണനകേന്ദ്രം വീതം പ്രവർത്തിക്കുന്നു. ഇതുകൂടാതെ ഓരോ നിയോജകമ ണ്ഡലത്തിലും രണ്ടു പഞ്ചായത്തുകളിൽവീതം മാവേലി സ്റ്റോറുകളോടനുബ ന്ധിച്ച് പച്ചക്കറി വിൽപ്പനയ്ക്കായി ഉന്തുവണ്ടികളും നൽകിയിട്ടുണ്ട്. ഇത്തരം 280 ഉന്തുവണ്ടികൾ നൽകിയിട്ടുണ്ട്.

(സി)&(ഇ) പച്ചക്കറികളുടെ വിപണനം പ്രധാനമായും ഹോർട്ടി കോർപ്പാണ് നിർവ്വഹിക്കുന്നത്. ഹോർട്ടികോർപ്പ് 600 വിൽപ്പന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്.

കൃഷിവകുപ്പിലെ അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

(371) ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകു പ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൃഷി വകുപ്പിൽ അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ അഗ്രി. അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവി ലുണ്ട്;

(സി) ജില്ലാടിസ്ഥാനത്തിലുള്ള ഒഴിവുകളിൽ ഇനി എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്; ഒഴിവുകൾ എപ്പോൾ റിപ്പോർട്ട് ചെയ്യുവാൻ കഴിയും;

(ഡി) സംസ്ഥാനത്ത് കൃഷി അസിസ്റ്റന്റ് ഇല്ലാത്ത എത്ര കൃഷി ഭവനു കൾ നിലവിലുണ്ട്; ഇത്തരം കൃഷിഭവനുകളിൽ അടിയന്തിരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31.12.99 വരെ അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ 690 ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 31.12.99 വരെ 690 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. 1.1.2000 മുതലുള്ള ഒഴിവുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ സംസ്ഥാനാടിസ്ഥാനത്തിലാണ് റിപ്പോർട്ട് ചെയ്യുന്നത്. 31.12.99 വരെയുള്ള ഒഴി വുകൾ റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. 1.1.2000 മുതലുള്ള ഒഴിവുകൾ 30.6.2000 ത്തോടെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ഡി) ഒഴിവുകൾ താൽക്കാലികാടിസ്ഥാനത്തിൽ നികത്തുന്നതിനാൽ കൃഷി അസിസ്റ്റന്റ് ഇല്ലാത്ത കൃഷി ഭവനുകൾ സംസ്ഥാനത്ത് ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly